I/220995/2023

# സംസ്ഥാന ചരക്ക്സേവന നികുതി വകുപ്പ്

ടാക്സ് ടവർ ,കരമന
കിള്ളിപ്പാലം, തിരുവനന്തപുരം
തീയതി :29-03-2023

## പത്രക്കുറിപ്പ്

## പുതിയ സാമ്പത്തിക വർഷത്തിന് മുന്നോടിയായി ജി .എസ്.ടി  നികുതിദായകരായ വ്യാപാരികൾ ശ്രദ്ധിക്കേണ്ടവ

തിരുവനന്തപുരം: 2023 -2024 സാമ്പത്തിക വർഷത്തിന് മുന്നോടിയായി ജി.എസ്.ടി നിയമ പ്രകാരം രജിസ്ട്രേഷൻ എടുത്തിട്ടുള്ള എല്ലാ വ്യാപാരികളും നിയമപരമായി നിർബന്ധമായും പാലിക്കേണ്ടതും , സാഹചര്യാനുസൃതം ആവശ്യമെങ്കിൽ തിരഞ്ഞെടുക്കേണ്ടതുമായ വിവിധ നടപടി ക്രമങ്ങളുടെ ശരിയായ നടത്തിപ്പിലേക്കായി താഴെ പറയുന്ന കാര്യങ്ങൾ എല്ലാ നികുതിദായകരും ശ്രദ്ധിക്കേണ്ടതാണ് .

1 . ജി .എസ് .ടി നിയമ പ്രകാരം 2023 -2024 സാമ്പത്തിക വർഷം മുതൽ പുതുതായി കോമ്പോസിഷൻ സ്കീം തിരഞ്ഞെടുക്കാൻ ആഗ്രഹിക്കുന്ന അർഹരായ നികുതിദായകർ , പ്രസ്തുത സ്കീം തിരഞ്ഞെടുക്കുവാൻ ഉള്ള ഓപ്ഷൻ, നിയമപ്രകാരം 31 മാർച്ച് 2023 നോ അതിന് മുൻപോ തന്നെ ഫയൽ ചെയ്യേണ്ടതാണ് . നിലവിൽ കോമ്പോസിഷൻ സ്കീം തിരഞ്ഞെടുത്തിട്ടുള്ളവർക്ക് പുതുതായി ഇതിനു വേണ്ടി ഓപ്ഷൻ നൽകേണ്ടതില്ല.

2 . ജി .എസ് .ടി റൂൾ 46 (ബി) പ്രകാരം എല്ലാ നികുതിദായകരും പുതിയ സാമ്പത്തിക വർഷത്തിൽ യൂണീക്ക് ആയ തുടർ സീരീസ്സിൽ ഉള്ള ടാക്സ് ഇൻവോയ്സുകൾ ആണ് ഉപയോഗിക്കേണ്ടത് . വരും സാമ്പത്തിക വർഷത്തിൽ പ്രസ്തുത റൂൾ പ്രകാരമുള്ള നിയമപരമായ ബാധ്യത പാലിക്കപ്പെടുന്നുണ്ട് എന്ന് എല്ലാ നികുതിദായകരും ഉറപ്പ് വരുത്തേണ്ടതാണ് .

3. 2022-2023 സാമ്പത്തിക വർഷത്തിൽ ഒരു പാനിൽ (PAN ) രാജ്യമാകമാനമുള്ള ജി.എസ്.ടി രജിസ്ട്രേഷനുകളിലെയും മൊത്ത വാർഷിക വിറ്റ് വരവ് (Aggregate Turnover) 10 കോടി കടന്നിട്ടുള്ള നികുതിദായകർ നിബന്ധനകൾക്കനുസൃതമായി 2023 ഏപ്രിൽ 1 മുതൽ സാധനങ്ങളുടെയോ , സേവനങ്ങളുടെയോ വിതരണത്തിനോട് അനുബന്ധിച്ച് എല്ലാ ബിസ്സിനെസ്സ്- ടു- ബിസ്സിനെസ്സ് ( B to B) വില്പനയിലും നിർബന്ധമായും ഇ - ഇൻവോയ്സിങ് ചെയ്യേണ്ടതാണ് . പ്രസ്തുത പരിധിയിൽ വരുന്ന നിയമപരമായ ബാധ്യതയുള്ള എല്ലാ നികുതിദായകരും കർശനമായി ഇ -ഇൻവോയ്സുകൾ നൽകേണ്ടതും , അപ്രകാരം ചെയ്യാതിരുന്നാൽ ജി.എസ് .ടി നിയമപ്രകാരമുള്ള ആനുകൂല്യങ്ങൾ നഷ്ടപ്പെടുകയും , ശിക്ഷാ നടപടികൾ നേരിടേണ്ടി വരുകയും ചെയ്യും

4. ജി.എസ്.ടി.ആർ -1 / 3-ബി റിട്ടേണുകൾ ഫയൽ ചെയ്യുന്ന നികുതിദായകർക്കുള്ള ത്രൈമാസ റിട്ടേൺ ഫയലിംഗ് സ്കീമായ ക്യു .ആർ .എം .പി (QRMP ) , 2023 -2024 സാമ്പത്തിക വർഷത്തെ ആദ്യ പാദം

മുതൽ തന്നെ ( 2023 ഏപ്രിൽ 1 മുതൽ 2023 ജൂൺ 30 വരെ) പ്രയോജനപ്പെടുത്തുവാനുള്ള ഓപ്ഷൻ ഫയൽ ചെയ്യുവാനുള്ള അവസരം 2023 ഏപ്രിൽ 30 വരെ ജി . എസ് .ടി പോർട്ടലിൽ ലഭ്യമാണ്. നിലവിൽ ക്യൂ .ആർ .എം .പി (QRMP ) സ്കീമിൽ ഉള്ളവർക്ക് സാധാരണ പോലെ പ്രതിമാസ റിട്ടേൺ ഫയൽ ചെയ്യുന്ന രീതിയിലേക്ക് മാറുവാനുള്ള സൗകര്യവും ഇതോടൊപ്പം ലഭ്യമാണ്. പാൻ (PAN ) അടിസ്ഥാനമാക്കിയുള്ള മൊത്ത വാർഷിക വിറ്റ് വരവ് 5 കോടിയിൽ കവിയാത്തവർക്കാണ് ഈ സ്കീമിന്റെ ആനുകൂല്യം ലഭിക്കുവാൻ അർഹത.

5. ഐ .ജി .എസ് .ടി (IGST ) അടയ്ക്കാതെ വിദേശ രാജ്യങ്ങളിലേക്കോ , സെസ്സ് യൂണിറ്റുകളിലേക്കോ , സാധനങ്ങളോ , സേവനങ്ങളോ കയറ്റുമതി ചെയ്യുന്ന എല്ലാ കയറ്റുമതിക്കാരും, എല്ലാ സാമ്പത്തിക വർഷവും കയറ്റുമതി നടത്തുന്നതിന് മുൻപ് തന്നെ ലെറ്റർ ഓഫ് അണ്ടർടേക്കിങ് ( LUT ) GST RFD 11കമ്മീഷണർ മുൻപാകെ ഫയൽ ചെയ്യേണ്ടതാണ് . ആയതിലേക്കായി 2023 -2024 സാമ്പത്തിക വർഷത്തെ ലെറ്റർ ഓഫ് അണ്ടർടേക്കിങ് ( LUT ) സമർപ്പിക്കുവാനുള്ള സൗകര്യം ജി .എസ് .ടി കോമൺ പോർട്ടലിൽ ലഭ്യമാണ് (Form GST RFD-11) . മേൽ പ്രകാരമുള്ള കയറ്റുമതി നടത്തുന്നവർ വീഴ്ച വരാതെ പ്രസ്തുത സൗകര്യം പ്രയോജനപ്പെടുത്തേണ്ടതാണ് .

മേൽ സൂചിപ്പിച്ചിരിക്കുന്നവ, ബന്ധപ്പെട്ട എല്ലാ നികുതിദായകരും സമയബന്ധിതമായി പ്രയോജനപ്പെടുത്തണമെന്ന് സംസ്ഥാന ചരക്ക് സേവന നികുതി കമ്മീഷണർ അറിയിച്ചു.

SD/-

COMMISSIONER